ല ൂ ക്ക ാ 1 5 : 1 1 – 3 2

**2023 ജൂലൈ 23**

# വചനസന്ദേശം

**ഫാ. ജിസ്മോൻ ആരംമ്പിള്ളി**

**സുബോധത്തിലേക്ക്**

വി. ലൂക്കാ സുവിശേഷകൻ പറഞ്ഞിരിക്കുന്ന ധൂർത്തപുത്രന്റെ ഉപമയിലെ ഇളയമകൻ, ദൈവ തിരുമുമ്പിൽ പാപംചെയ്ത് ദൈവത്തിൽനിന്നും സ്വയം അകന്നുപോകുന്ന പാപികളായ നാം ഓരോരു ത്തരുമാണ്. പാപികളായ നാം ഓരോരുത്തരും നമ്മെയും നമ്മുടെ വഴികളെയും സൂക്ഷ്മമായി പരിശോ ധിക്കുവാനും തിരുത്തുവാനും വേണ്ടിയാണ് ഈശോ ഈ ഉപമ തന്നിരിക്കുന്നത്.

ദൈവം നമുക്കോരോരുത്തർക്കും അവകാശമായി തന്നിരിക്കുന്ന അവിടുത്തെ കൃപകളും അനു ഗ്രഹങ്ങളും വാങ്ങിയിട്ടും പാപജീവിതം വഴി ദൈവത്തിൽ നിന്നും അകന്ന് ദൂരെ ദേശത്തുപോകു മ്പോൾ ഈ ധൂർത്തപുത്രനെപ്പോലെയാകുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന ദൂരെദേശം പാപംവഴി നമ്മൾ ദൈവത്തിൽ നിന്നും അകലുന്ന ദൂരമാണ്. പാപത്തിന്റെ കാഠിന്യമനുസരിച്ച് ദൈവവുമായി വിദൂ രത്താകുന്നു. എന്നാൽ, ധൂർത്തപുത്രന് കഠിനക്ഷാമമാകുന്ന വിപത്തുകളും ദുരിതങ്ങളും ജീവിതത്തിൽ നേരിടേണ്ടി വരുന്നു. ഈ ദുരിതങ്ങളിൽ നട്ടം തിരിഞ്ഞ് കുറെ നാളുകൾ കഴിയുമ്പോൾ അനുഭവത്തിലൂ ടെ അവൻ പലതും പഠിക്കാനിടയാകുന്നു: മറ്റുള്ളവരുടെ സ്വഭാവങ്ങളും അവരുടെ പരിമിതികളും, ക്രൂര തകളും. അപ്പോഴാണ് സുബോധമുണ്ടായി ദൈവത്തെ അനുസരിച്ച് ദൈവത്തിന്റെ കൂടെ നടന്നിരുന്ന പ ഴയ കാലങ്ങൾ ഓർക്കാനിടയാകുന്നത്.

ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്ന ദുരിതങ്ങളും കഷ്ടതകളും ചിലപ്പോഴൊക്കെ, ന മ്മുടെ തിരിച്ചു വരവിനായി അവിടുന്ന് അയയ്ക്കുന്നതാണ് – നമുക്ക് സുബോധം ഉണ്ടാകാൻ അനുവദി ക്കുന്നവയാണ്. അതുകൊണ്ട് ദുരിതങ്ങളിൽ നമുക്ക് സുബോധത്തിലേക്ക് കടന്നുവരാം. അനുതാപ ത്തോടെ യഥാർത്ഥമായ എളിമയോടെ ദൈവതിരുമുമ്പിൽ നമ്മുടെ കുറവുകളും കുറ്റങ്ങളും ഏറ്റുപറ യാം.

ധൂർത്തപുത്രൻ വിദൂരത്തിരുന്ന് പിതാവിനോട് പറയേണ്ടത് ചിന്തിച്ചപ്പോഴേ ദൈവത്തിന്റെ മനസ്സ ലിഞ്ഞു. ഇതാണ് സങ്കീർത്തനം 32:15–ൽ നാം കാണുന്നത്: ‘‘എന്റെ അതിക്രമങ്ങൾ കർത്താവിനോട് ഞാൻ ഏറ്റു പറയും എന്ന് ഞാൻ പറഞ്ഞു: അപ്പോൾ എന്റെ പാപം അവിടുന്ന് ക്ഷമിച്ചു.’’ നാം ഹൃദയ ത്തിൽ യഥാർത്ഥ എളിമയോടെ പാപം ഏറ്റു പറയും എന്ന് വിചാരിക്കുമ്പോൾ തന്നെ ദൈവം കാരു ണ്യാതിരേകം നിമിത്തം പാപത്തിന് ക്ഷമ തരുകയാണ്. എല്ലാ പാപവും, ഹൃദയത്തിൽ വിചാരിച്ച തൊക്കെയും പൂർണ്ണമായും ഏറ്റുപറയാൻ ദൈവം അനുവദിക്കാതെ, ഉടൻതന്നെ മേൽതരം വസ്ത്രം മു മ്പുണ്ടായിരുന്നതിലും അധികം കൂടിയ കൃപകളും വിശുദ്ധിയും ദൈവം നമുക്ക് തന്ന് നമ്മെ മാറോടു ചേർത്ത് വീണ്ടും പുത്രീ പുത്രരായി സ്വീകരിക്കുന്നു.
ഈ സ്നേഹപിതാവായ ദൈവത്തിന്റെ ഹൃദയ വിശാലത ഗ്രഹിച്ച് പാപികളായ നമുക്കും നമ്മുടെ വഴി കളെ സൂക്ഷ്മമായി പരിശോധിച്ചു (Lan 3:40) മനംതിരിഞ്ഞ് എളിമയോടെ വ്യാപരിക്കാം.